**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 422** **21-07-2022 - ൽ മറുപടിയ്ക്ക്**

**ഹോർട്ടികോർപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വിപണി വില ഉയർന്ന് നിൽക്കുമ്പോഴും പച്ചക്കറി, പഴം കൃഷിയിൽ ഏർപ്പെടുന്ന കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാത്ത സാഹചര്യത്തിൽ ഇടനിലക്കാരുടെ അമിത ചൂഷണം ഒഴിവാക്കാൻ ഹോർട്ടികോർപ്പിന്റെ ഇടപെടൽ കാര്യക്ഷമമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മാർക്കറ്റുകൾ കൂടുതൽ വിപുലപ്പെടുത്തി സംഭരണത്തിലെയും വിപണനത്തിലെയും അമിത ചൂഷണം നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. കൃഷിവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 1208 മാർക്കറ്റുകളാണ് നിലവിലുള്ളത്. ഈ മാർക്കറ്റുകളുടെ പ്രവർത്തനം അവലോകനം ചെയ്തു ഏറ്റവും നന്നായി പ്രവർത്തിക്കുന്ന മാർക്കറ്റുകളെ ഗ്രേഡ് ചെയ്ത് പ്രവർത്തനക്ഷമമാക്കുവാനുള്ള നടപടികൾ നടന്നുവരികയാണ്. വിപണന മേഖലയിൽ കൂടുതൽ "കൃഷിക്കൂട്ടം"ങ്ങളെ സജ്ജമാക്കാനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. കൂടാതെ, പഴം പച്ചക്കറികളുടെ സംഭരണ-വിതരണ രംഗത്ത് ഉൽപ്പാദകരേയും ഉപഭോക്താക്കളേയും സംരക്ഷിക്കുക എന്ന ദൗത്യവുമായി പ്രവർത്തിക്കുന്ന ഹോർട്ടികോർപ്പിന് സംസ്ഥാനത്ത് 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളും ഉണ്ട്. അവയുടെ കീഴിൽ 126 സ്വന്തം സ്റ്റാളുകളും 188 ലൈസൻസി സ്റ്റാളുകളും ഉണ്ട്. ഈ കേന്ദ്രങ്ങൾ മുഖേന ഇടനിലക്കാരെ ഒഴിവാക്കികൊണ്ട് ഹോർട്ടികോർപ്പ്, പഴം പച്ചക്കറി സംഭരണ-വിതരണ രംഗത്ത് കാര്യക്ഷമമായി ഇടപ്പെടുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ ഒരു സംഭരണ വിതരണ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പഴവും പച്ചക്കറികളും ഹോർട്ടികോർപ്പുമായി സഹകരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളും പൊതുജനങ്ങൾക്ക് മിതമായ വിലയ്ക്ക് ഒരു സ്ഥലത്തുനിന്നുതന്നെ ലഭ്യമാക്കുന്നതിനായി എല്ലാ നിയോജകമണ്ഡലത്തിലും |

| | | | |
|---|---|---|---|
| | | | ജനപ്രതിനിധികളുടെ സഹകരണത്തോടു കൂടി 140 ഗ്രാമശ്രീ ഹോർട്ടി ബസാറുകളും എല്ലാ പഞ്ചായത്ത്/ കോർപ്പറേഷൻ/ മുൻസിപ്പാലിറ്റി എന്നിവിടങ്ങളിൽ 1,232 ഗ്രാമശ്രീ സൂപ്പർസ്റ്റാളുകളും വരും വർഷങ്ങളിൽ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടിയും ഹോർട്ടികോർപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ ബ്ലോക്ക്തല സംഭരണ ഉപകേന്ദ്രങ്ങളും ആരംഭിക്കുന്നതിനുള്ള നടപടികൾ ഹോർട്ടികോർപ്പ് സ്വീകരിച്ചു വരുന്നു. VFPCK യുടെ നേതൃത്വത്തിലുള്ള 289 സ്വാശ്രയകർഷക സമിതികളും കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിൽ സജ്ജീവമായി ഇടപെടുന്നുണ്ട്. |
| (സി) | പഴം, പച്ചക്കറി കർഷകർ നേരിടുന്ന വിലത്തകർച്ചയ്ക്ക് പരിഹാരമെന്ന നിലയിൽ ശീതീകൃത സംഭരണ ശാലകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | ആർ.ഐ.ഡി.എഫ്, എം.ഐ.ഡി.എച്ച് എന്നീ ഫണ്ടുകൾ ഉപയോഗിച്ച് കേരള സ്റ്റേറ്റ് ഭൂവികസന കോർപ്പറേഷൻ മുഖേന 4 ഇന്റഗ്രേറ്റഡ് പാക്ക് ഹൗസുകൾ തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ നടപ്പിലാക്കുവാനുള്ള നടപടികൾ ഹോർട്ടികോർപ്പ് സ്വീകരിച്ചു വരുന്നു. അതോടൊപ്പം ആനുവൽ പ്ലാൻ 2022-23 പദ്ധതി പ്രകാരം ഇടുക്കി ജില്ലയിൽ കോൾഡ് ചെയിൻ പദ്ധതി നടപ്പിലാക്കുന്നതിനായി 185 ലക്ഷം രൂപയുടെ അനുമതിയും ഹോർട്ടികോർപ്പിന് നല്കിയിട്ടുണ്ട്. കൂടാതെ കൃഷിവകുപ്പിന്റെ 19 സഞ്ചരിക്കുന്ന ശിതീകരണ സംഭരണശാലകളും ജില്ലകൾ കേന്ദ്രീകരിച്ച് ഉടൻ പ്രവർത്തനസജ്ജമാകും. |

സെക്ഷൻ ഓഫീസർ